# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **4069** — 03.02.2014-ൽ മറുപടിക്ക്

## മാവേലിക്കര മണ്ഡലത്തിൽ എൻ.ആർ.എച്ച്.എം. മുഖാന്തിരം നടപ്പിലാക്കുന്ന പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ആർ. രാജേഷ് : | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) എൻ.ആർ.എച്ച്.എം. മുഖാന്തിരം മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (എ) | 1. എൻ.ആർ.എച്ച്.എം. മുഖാന്തിരം സംസ്ഥാന ത്തുടനീളം നടപ്പിലാക്കികൊണ്ടിരിക്കുന്ന പദ്ധതികൾ മാവേലിക്കര മണ്ഡലത്തിലും നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതികൾ താഴെ ചേർക്കുന്നു.<br>1. ആശ - അക്രഡിറ്റഡ് സോഷ്യൽ ഹെൽത്ത് ആക്ടിവിറ്റ്സ്<br>2. ജെ.എസ്.വൈ - ജനനി സുരക്ഷാ യോജന<br>3. ജെ.എസ്.എസ്.കെ - ജനനി ശിശു സുരക്ഷാ കാര്യക്രം<br>4. ആർ.ബി.എസ്.കെ - രാഷ്ട്രീയ ബാല സ്വാസ്ഥ്യ കാര്യക്രം<br>5. സ്കൂൾ ഹെൽത്ത് പ്രോഗ്രാം<br><br>2. മാവേലിക്കര ജില്ലാ ആശുപത്രിയിൽ നിന്നും ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങളുടെ ഗുണനിലവാരം സംസ്ഥാന സർക്കാർ നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരം ഉയർത്തുന്നതിനുവേണ്ടി 2012-13 സാമ്പത്തിക വർഷം മുതൽ കാഷ് പ്രോഗ്രാം (കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ് ഫോർ ഹോസ്പിറ്റൽസ്) നടപ്പിലാക്കുന്നു. പദ്ധതി നടത്തിപ്പിനു വേണ്ടി 2012-2013-ൽ 1,80,000/- രൂപ ചിലവഴിക്കുകയും 2013-2014 ലേക്കായി 3,00,000/- രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.<br><br>3. മാവേലിക്കര മണ്ഡലത്തിലെ താമരക്കുളം പഞ്ചായത്തിലെ താമരക്കുളം പ്രാഥമികാരോഗ്യ കേന്ദ്രത്തിന് കീഴിൽ വരുന്ന കണ്ണനാംകുഴി സബ് സെന്ററിന്റെ കെട്ടിടം പണി (അടങ്കൽ തുക 13 ലക്ഷം രൂപ) പുരോഗമിക്കുന്നു. നിലവിൽ ഫൗണ്ടേഷനും ബേസ്മെന്റും പൂർത്തീകരിച്ചു. |

(ബി) എൻ.ആർ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് മാവേലിക്കര ജില്ലാ ആശുപത്രിയിൽ കെട്ടിടങ്ങളുടെയും ഓപ്പറേഷൻ തിയേറ്ററിന്റെയും ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് പദ്ധതി നിർദ്ദേശം ലഭ്യമായിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ?

(ബി) 2014-15 പി.ഐ.പി. യിൽ മാവേലിക്കര ജില്ലാ ആശുപത്രിയിലെ പീഡിയാട്രിക് വാർഡ്, മെറ്റേർനിറ്റി വാർഡ് എന്നിവ നവീകരിക്കുവാനും പഴയ ഓപ്പറേഷൻ തീയേറ്റർ കെട്ടിടം നവീകരിച്ച് ബ്ലഡ് ബാങ്ക് ആക്കുവാനും ഉള്ള പദ്ധതി (150 ലക്ഷം രൂപ അടങ്കൽ തുക) നിർദ്ദേശം കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ